8

# യേശു: നമ്മുടെ വീണ്ടെടുപ്പുകാരൻ

പാപികളുടെ ഹൃദയങ്ങളെ നുറുക്കുവാൻ പ്രേരിപ്പിച്ചു യേശുവിന്റെ പ്രായശ്ചിത്തത്തിനായി ജീവിക്കുവാൻ പ്രേരിപ്പിക്കുന്നതാണ് ആ ശക്തി. അതിനേക്കാൾ പ്രാധാന്യമുള്ള വിഷയം എങ്ങനെയുണ്ടാവും?

"പ്രായശ്ചിത്തം"[1] എന്ന വാക്കിന്റെ അർത്ഥം ഭേദഗതി വരുത്തുക എന്നാണ്, കാര്യങ്ങൾ നേരെയാക്കുക, അല്ലെങ്കിൽ തെറ്റിപ്പോയ വ്യക്തിയെ തൃപ്തിപ്പെടുത്തുക, അതു അകന്നുപോയ രണ്ടു പേരെ വീണ്ടും "ഒന്നിപ്പിക്കുക." മോശെ പോരാടിയവരെ "ഒന്നിപ്പിക്കുവാൻ" ശ്രമിച്ചു (പ്രവൃത്തികൾ 7:26; ഏ എസ് വി) "പ്രായശ്ചിത്തം" എന്നവാക്ക് അക്ഷരികമായി "*ഒരിക്കൽ* ഭേദഗതിവരുത്തുക" എന്നാണ്; അതിനർത്ഥം യോജിപ്പിക്കുക, സ്വരച്ചേർച്ച, നിരപ്പു എന്നിവയാണ്.

ഈ വാക്കിന്റെ ഉത്തരവാദിത്വമുള്ള ഗ്രീക്ക് വാക്ക്[2] പ്രത്യക്ഷപ്പെടുന്ന പുതിയ നിയമത്തിൽ കെജെവിയിൽ "പ്രായശ്ചിത്തം" എന്നതു (റോമർ 5:11). അക്ഷരികമായി അർത്ഥമാക്കുന്നതു നാണ്യത്തിനു, തുല്യമായതു കൈമാറുക എന്നാണ്. വ്യത്യാസം ദൂരീകരിക്കുന്നതാണ്, നല്ല കൈമാറ്റ മായ, നിരപ്പു പ്രായശ്ചിത്തം.

"പ്രായശ്ചിത്തം" എന്നവാക്ക്[3] എബ്രായഭാഷയിൽ തർജ്ജിമ ചെയ്തിരിക്കുന്നത് അക്ഷരികമായി "മൂടുക" എന്ന അർത്ഥത്തിലാണ്. അതു നോഹപെട്ടകത്തിൽ ഉപയോഗിച്ച കീലിനെ വിവരിച്ചിരിക്കുന്നത് യാക്കൊബ് ഏശാവിനു അയച്ച സമ്മാനത്തെ വിവരിക്കുന്നതാണ്: "എനിക്കു മുമ്പായി പോകുന്ന സമ്മാനം കൊണ്ടു അവനെ ശാന്തമാക്കീട്ടു പിന്നെ ഞാൻ അവന്റെ [മൂടിയ മുഖം] കണ്ടുകൊള്ളാം" (ഉല്പത്തി 32:20). ആ വാക്ക് അർത്ഥമാക്കുന്നത് "പാപത്തെ മറച്ചു തൃപ്തിപ്പെടുത്തി, പ്രായശ്ചിത്തം, പരിഹാരം ചെയ്യുക."

"പാപം" വരുന്നതു ഗ്രീക്കു വാക്കുകളിൽ[4] നിന്നാണ് അർത്ഥം "ഉന്നം തെറ്റുക" (ഒരു അമ്പ് എയ്യുമ്പോൾ), അതായതു, തെറ്റുക ദൈവ മുൻപാകെ കുറ്റമുള്ളവരാകുക. ദൈവത്തിനു പാപം സഹിക്കുവാനാകാത്തതുകൊണ്ട് (ആവർത്തന പുസ്തകം 32:3, 4; ഹബക്കൂക്ക് 1:13; യോഹന്നാൻ 8:21), ഏദെൻ തോട്ടത്തിൽ നിന്നു പാപികളെ അവനു പുറത്താക്കേണ്ടിവന്നു. പാപത്തിന്റെ ഫലമായി സൃഷ്ടികർത്താവിൽ നിന്നു മനുഷ്യൻ വേറിട്ടു. പാപത്തിനു സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയാ

ത്തതുകൊണ്ട് (യോഹന്നാൻ 8:21, 24; വെളിപ്പാട് 21:27), ലോകത്തിനു അത്യാവശ്യമായി തീർന്നതു നിരപ്പു, ഒരു തൃപ്തി, ഒരു പ്രായശ്ചിത്ത ത്തിലൂടെ പാപികളെ ദൈവസന്നിധിയിലേക്കു ഇപ്പോൾ യഥാസ്ഥാന പ്പെടുത്തുവാനും അവസാനം സ്വർഗ്ഗത്തിൽ അവന്റെ സന്നിധിയിൽ എത്തുവാനും കഴിയും

### വീണ്ടെടുപ്പു അത്യാവശ്യമായിരുന്നു

ആദാമും ഹവ്വയും മാത്രമല്ല ദൈവത്തിനെതിരായി പാപം ചെയ്തതു. മനസ്സിനെ ശരിയായി ഉപയോഗിക്കാൻ കഴിയുന്നവരും നന്മയെ തിന്മയിൽ നിന്നു വേർതിരിച്ചറിയാൻ കഴിയുന്ന മറ്റെല്ലാവരും നീതി എന്ന ഉന്നം തെറ്റിച്ചു ("സകല അധർമ്മവും പാപം അത്രേ"; 1 യോഹന്നാൻ 5:17). എല്ലാവരും പാപം ചെയ്യുന്നതു ദൈവനിലവാരം നഷ്ടമാക്കി (റോമർ 3:23). യേശുവിനല്ലാതെ മറ്റാർക്കും ഉത്തരമില്ലാത്ത വെല്ലുവിളി നടത്തുവാൻ കഴിഞ്ഞില്ല, "നിങ്ങളിൽ ആർ എന്നെ പാപത്തെ കുറിച്ചു ബോധം വരുത്തും?" (യോഹന്നാൻ 8:46).

മനുഷ്യൻ ഇത്രമാത്രം പുരോഗമിച്ചിട്ടും, മൂ - വായിരം - വർഷം - പഴക്കമുള്ള ചോദ്യത്തിനു ഇന്നും നിഷേധമായ ഉത്തരമേയുള്ളു: "ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചു, പാപം ഒഴിഞ്ഞു നിർമ്മലൻ ആയി രിക്കുന്നു, എന്നു ആർക്കു പറയാം?" (സദൃശ വാക്യങ്ങൾ 20:9). യേശു ക്രിസ്തുവിനല്ലാതെ മറ്റാർക്കും അത്തരം അവകാശം ഉന്നയിക്കുവാൻ സാധ്യമല്ല. പാപം സർവ്വദേശിയമാകകൊണ്ടു പരിമിതമായ പ്രായശ്ചിത്തം സത്യമില്ലാത്തതാകുന്നു. സാർവ്വദേശിയ പാപത്തിനു ഫലപ്രദമായ പരി ഹാരം വരുത്തുവാൻ സർവ്വദേശിയ പ്രായശ്ചിത്തിനേകഴിയു ദൈവം മുഖ പക്ഷം കാണിച്ചില്ലെങ്കിൽ, (പ്രവൃത്തികൾ 10:34), അവൻ തന്റെ സൃഷ്ടി കളെ എല്ലാം സ്നേഹിക്കുന്നു എങ്കിൽ, പിന്നെ പാപങ്ങൾക്കുള്ള അവന്റെ പരിഹാരപദ്ധതിയിൽ എല്ലാ മനുഷ്യരെയും ഉൾപ്പെടുത്തണം.

### വീണ്ടെടുപ്പു വ്യക്തിപരം

പാപം അവകാശമാക്കുന്നതല്ല, അല്ലെങ്കിൽ മാറ്റമില്ലാത്തതുമാണ്. "ഓരോ പാപിയും സ്വന്തമോഹത്താൽ വശീകരിക്കപ്പെട്ടാണ് വീണുപോ കുന്നത്" (യാക്കൊബ് 1:14).[5] ഈ കാരണത്താൽ, പാപങ്ങൾക്കു വേണ്ടി യുള്ള യേശുവിന്റെ പ്രായശ്ചിത്തം എത്ര വിശാലമായതാണെങ്കിലും, ആ പ്രായശ്ചിത്തത്തോടു ഓരോരുത്തരും വ്യക്തിപരമായി പ്രതികരിച്ചാലേ അതിനു ഫലം കിട്ടുകയുള്ളു. പാപം വ്യക്തിപരമായതുപോലെ പ്രായ ശ്ചിത്തത്തിന്റെ ശക്തിയും വ്യക്തിപരമാണ്. പാപം വ്യക്തിപരമാണെങ്കിൽ, നിരപ്പും വ്യക്തിപരം ആയിരിക്കണം. വ്യക്തിപരമായി പ്രതികരിക്കുന്നി ല്ലെങ്കിൽ, പിന്നെ, പ്രായശ്ചിത്തം വ്യർത്ഥമാകും. മാതാപിതാക്കൾ തങ്ങ ളുടെ കുട്ടികൾക്കു വേണ്ടി പ്രതികരിച്ചാൽ പോരാ, ഒരു സ്നേഹിതൻ മറ്റൊരാൾക്കു[6] വേണ്ടി സ്നാനപ്പെട്ടാലും മതിയാവുകയില്ല. "നാം ഒരോ രുത്തരും ദൈവത്തിനു കണക്കു കൊടുക്കേണ്ടവരാണ്" (റോമർ 14:12).

## വീണ്ടെടുപ്പു ക്രിസ്തുവിൽ മാത്രം

പാപത്തിന്റെ ശമ്പളം കർത്താവിന്റെ സന്നിധാനം വിട്ടകന്നു ശിക്ഷയും മരണവുമാണ്. മനുഷ്യന്റെ ആകൃത്യങ്ങളെ കണക്കിലെടുക്കാതെ അവരെ സ്വർഗ്ഗത്തിലേക്കു എടുത്താൽ ദൈവം ഒരിക്കലും നീതിമാൻ ആവുകയില്ല (ആവർത്തന പുസ്തകം 32:1–4). എങ്കിലും, ദൈവം എപ്പോഴും മനുഷ്യരെ സ്നേഹിക്കയും രക്ഷിക്കുവാൻ വഴി ഒരുക്കുകയും ചെയ്തു (യെഹെസ്ക്കേൽ 33:11; യോഹന്നാൻ 3:16). ഒരേ സമയത്തു ദൈവത്തിനു നീതിമാനായി ഇരിപ്പാനും പാപികളെ ന്യായീകരിപ്പാനും എങ്ങനെ കഴിയും? (റോമർ 3:25, 26 നോക്കുക.) അതായിരുന്നു സ്വർഗ്ഗത്തിലെ പ്രശ്നം.

## പിതാക്കന്മാരുടെ പ്രമാണങ്ങൾ അനുസരിച്ചാൽ പോരാ

മൃഗയാഗങ്ങൾ അർപ്പിക്കുന്നതിനും മനുഷ്യരക്തം ചൊരിയരുതു അല്ലെങ്കിൽ രക്തം ഭക്ഷിക്കരുത് എന്നും ദൈവത്തിന്റെ നിയമം കല്പിച്ചിരുന്നു. അത്തരം നിയമങ്ങൾ അവർക്കു സ്വർഗ്ഗത്തിലേക്കുള്ള യാത്രയിൽ അനിവാര്യമായിരുന്നു. ആ അനുഷ്ഠാനങ്ങൾക്ക് പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ കഴിയുമായിരുന്നെങ്കിൽ, സ്വർഗ്ഗത്തിന്റെ പ്രശ്നം തീരുമായിരുന്നു – എന്നാൽ അവയ്ക്കു അതിനു കഴിഞ്ഞില്ല.

## മോശെയുടെ ന്യായപ്രമാണം അനുസരിച്ചാലും പോരാ

മോശെയുടെ ന്യായപ്രമാണത്തെ നിന്ദിക്കുന്നവരുടെമേൽ ശാപമാണ് വന്നിരുന്നത് (ആവർത്തന പുസ്തകം 27:26; എബ്രായർ 10:26, 27). അനുസരിക്കാതിരുന്നവരുടെ മേലും. അതു കുറ്റം കൂടാതെ പ്രമാണിച്ചാൽ പോലും (ലൂക്കൊസ് 1:6; ഫിലിപ്പിയർ 3:6) അവരിൽ പാപം കണ്ടെത്തിയിരുന്നു, മൃഗരക്തങ്ങൾക്കു പാപങ്ങൾ നീക്കുവാൻ കഴിഞ്ഞിരുന്നില്ല (എബ്രായർ 10:4). “ജീവിപ്പിപ്പാൻ കഴിയുന്നോരു ന്യായപ്രമാണം നല്കിയിരുന്നെങ്കിൽ, ന്യയപ്രമാണം വാസ്തവത്തിൽ നീതിക്കു ആധാരം ആകുമായിരുന്നു” (ഗലാത്യർ 3:21).

## ദൈവത്തെയും ക്രിസ്തുവിനെയും
## വിശ്വസിച്ചു അനുസരിച്ചാലും പോരാ

തന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപോലെ വർദ്ധിപ്പിക്കുമെന്നു വിശ്വസിച്ച എൺപത്തി – അഞ്ചു – വയസ്സായ അബ്രഹാമിന്റെ, വലിയ വിശ്വാസ പ്രവൃത്തി മാതൃകയായിട്ടുണ്ട് (ഉല്പത്തി 15:6). അബ്രഹാമിന്റെ ഈ വിശ്വാസത്തെ മാതൃകയായി പ്രകീർത്തിച്ചു പുതിയ നിയമത്തിൽ പറയുന്നുണ്ട് (റോമർ 4:16–24; ഗലാത്യർ 3:16–29). വിശ്വസിക്കയും അനുസരിക്കയും ചെയ്താൽ പാപങ്ങൾക്കു പരിഹാരം ആകുമായിരുന്നെങ്കിൽ സ്വർഗ്ഗത്തിന്റെ പ്രശ്നം തീരുമായിരുന്നു. അനുസരണമുള്ള വിശ്വാസം (റോമർ 1:5). സ്വർഗ്ഗത്തിലേക്കു പോകുവാൻ സ്നേഹത്താൽ (ഗലാത്യർ 5:6) എല്ലാവരും പ്രവർത്തിക്കേണ്ടതു ആവശ്യമാണ് (വെളിപ്പാട് 2:10), പക്ഷെ അതൊന്നും ഒരു മനുഷ്യനെയും വാസ്തവ

ത്തിൽ നീതിമാൻ ആക്കുന്നില്ല. എത്രതന്നെ ദൈവ വചനത്തിൽ അനുസരണമുള്ളവനായാലും, സ്വർഗ്ഗത്തിന്റെ പ്രശ്നം തീരുന്നില്ല.

### സൽപ്രവൃത്തികൾ ചെയ്താലും പോരാ

ദൈവ ദൃഷ്ടിയിൽ സൽപ്രവൃത്തികൾ വിലയുള്ളതും ആവശ്യവുമാണ് (മത്തായി 25:31–46), എന്നാൽ അവ മനുഷ്യന്റെ പാപത്തിനുള്ള പരിഹാരമല്ല. തന്റെ മകൻ അനുസരണക്കേടു കാണിച്ചപ്പോഴെല്ലാം അപ്പൻ കതകിൽ ഓരോ ആണി അടിക്കും, പിന്നെ അനുസരിക്കുമ്പോൾ ആണി ഊരി എടുക്കും, അപ്പോഴും കതകിൽ ആ വിരൂപം ധാരമായി കാണാം. അനുസരണം ആവശ്യമാണ്, എന്നാൽ അവ അനുസരണക്കേടിനെ നീക്കുന്നില്ല. ഒരു വ്യഭിചാരിണി തന്റെ അയൽക്കാരനു ആവശ്യമുള്ള നല്ല സഹായി ആയിരുന്നേക്കാം, എങ്കിലും അവളുടെ കുറ്റം നീക്കുന്നില്ല. ഒരു കള്ളൻ കവർന്നെടുക്കുന്നതിൽ കുറെ ദരിദ്രന്മാർക്കു കൊടുക്കുമെങ്കിലും അവന്റെ കുറ്റം നീങ്ങുന്നില്ല. നാവുകൊണ്ടു ശപിക്കുന്ന വ്യക്തി ധാരാളം പ്രാർത്ഥിച്ചാലും അവന്റെ സമീപനം മാറുന്നില്ല. വരവു – ചെലവു രീതിയിൽ നേടി എടുക്കാവുന്ന ഒന്നല്ല രക്ഷ (ലോകത്തിന്റെ) വലിയ പ്രശ്നത്തിനുള്ള സ്വർഗ്ഗീയ പരിഹാരം അതല്ലായിരുന്നു.

### നീതിമാറിയാലും പോരാ

മനുഷ്യന്റെ നിസ്സഹായമായ, ശിക്ഷിക്കാവുന്ന അവസ്ഥക്കു ദൈവം പരിഹാരം കാണുന്നതു ക്രിസ്തുവിന്റെ നീതി മനുഷ്യരിലേക്കു മാറ്റിക്കൊണ്ടാണ് എന്നു ചിലർ കരുതുന്നു. അങ്ങനെ സാധ്യമായിരുന്നെങ്കിൽ, ക്രിസ്തു ഒരിക്കലും സ്വർഗ്ഗം വിടേണ്ടകാര്യമില്ലായിരുന്നു, കാരണം അവൻ ഭൂമിയിലേക്കു വരുന്നതിനു മുൻപു നീതിമാനായിരുന്നു.

നമ്മുടെ നീതിയുടെ ഉറവിടം ക്രിസ്തു ആണെങ്കിലും (യിരെമ്യാവു 23:6; 1 കൊരിന്ത്യർ 1:30), നാം നീതി ആകുന്നതു അവനിൽ ആണെങ്കിലും (2 കൊരിന്ത്യർ 5:21), ഒരാളിൽ നിന്നു മറ്റൊരാളിലേക്കു നീതി മാറ്റമില്ല. ക്രിസ്തുവിന്റെ പ്രായശ്ചിത്തം കൂടാതെ നാം നീതിമാന്മാരെന്നു പറയാൻ നമുക്കു സാധ്യമല്ല. യേശുവിന്റെ നീതി നമുക്കു ബാധകമായിരിക്കുന്നു എന്നു തിരുവെഴുത്തുകളോ, യുക്തിയോ പറയുന്നില്ല.

നീതി, ന്യായമായ യോഗ്യത, ദൈവത്തിന്റെ നിബന്ധന, അവന്റെ പ്രഖ്യാപനാവസ്ഥയാണ് അല്ലാതെ പാപികളിൽ മറ്റൊരാളുടെ നീതി അടിച്ചേല്പ്പിക്കലല്ല. ഒരാളിൽ നിന്നു മറ്റൊരാളിലേക്കു നീ മാറ്റാമെന്നുണ്ടായിരുന്നു എങ്കിൽ ദൈവം തന്റെ പുത്രനെ മരിക്കാൻ വിടാതെ അങ്ങനെ ചെയ്യുവാൻ വിചാരിച്ചേനെ. ആദാമിന്റെ പാപം അവകാശമാക്കുവാൻ സാധിക്കാത്തതുപോലെ, ക്രിസ്തുവിന്റെ നീതിയും മാറ്റാവുന്നതല്ല. സ്വർഗ്ഗത്തിന്റെ പരിഹാരം മറ്റൊന്നാണ്.

### പകരം ക്രിസ്തുവിനെ അയക്കുക
### എന്നതു മാത്രമായിരുന്നു പരിഹാരം

ലോകസ്ഥാപനത്തിനു മുൻപു, സ്വർഗ്ഗീയ സഭയിലും (1 പത്രൊസ്

1:20; വെളിപ്പാട് 13:8 നോക്കു), ഏതു കാലത്തും മൃഗയാഗങ്ങൾ പാപങ്ങളെ നീക്കുവാൻ പര്യാപ്തമായി പറഞ്ഞിരുന്നില്ല. ദൈവത്തിന്റെ പുത്രൻ സ്വയമായി ജഡത്തിലായി, മനുഷ്യർക്കു വേണ്ടി യാഗമായി മരിച്ചു (എബ്രായർ 10:1-10). "ഇതാ, ഞാൻ നിന്റെ ഇഷ്ടം ചെയ്വാൻ വരുന്നു," അവൻ തന്റെ പിതാവിനോടു പറഞ്ഞു (വാക്യം 7). ഒരു നിർബ്ബന്ധവുമില്ല എന്നു പിതാവു പറഞ്ഞു. ഭൂമിയിൽ വന്ന ശേഷവും അവനു മനസ്സുമാറ്റാൻ കഴിയുമായിരുന്നു, അവന്നു ആ കഠിന യാതന ഏറ്റെടുക്കേണ്ട ആവശ്യമില്ലായിരുന്നു. യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, പിതാവിന്റെ വാഗ്ദാനം അവൻ ഓർമ്മിച്ചിരുന്നു (യോഹന്നാൻ 10:17, 18).

യേശു നമ്മെപ്പോലെ മനുഷ്യൻ ആയിരുന്നു. അവൻ യെരുശലേമിലേക്കു പോകുവാനും അവിടെ അവനെ ഏല്പിച്ചു കൊടുപ്പാനും മനസ്സ് ഉറപ്പിച്ചു ക്രൂശിലേക്കു നീങ്ങുന്ന ഭയാനക കാഴ്ച്ച അവന്റെ "നിർണ്ണയം" ആയിരുന്നു (ലൂക്കൊസ് 9:51; 13:33). യേശു മരിക്കരുതെന്നു പറഞ്ഞു അവന്റെ മരണം തടയുവാൻ പരീക്ഷിച്ച പത്രൊസിനെ യേശു "സാത്താനേ" എന്നു വിളിച്ചതിൽ നാം അതിശയിക്കേണ്ടതില്ല (മത്തായി 16:21-23). ക്രൂശിൽ അവന്റെ ആത്മാവു പ്രാണ വേദനയിൽ ആയതു കാണുമ്പോൾ നമുക്കു അവനോടു സഹതാപം തോന്നും. എന്നാൽ പോലും, "ഈ നാഴികയിൽ നിന്നും എന്നെ രക്ഷിക്കേണമേ" എന്നു പറയുന്നതിനു പകരം, "എങ്കിലും ഈ നാഴികയിലേക്കു ഞാൻ വന്നിരിക്കുന്നു'' എന്നു പറയുന്നു (യോഹന്നാൻ 12:27).

ഗദ്ശമനയിലെ കഠിന രോദനത്തിൽ, വേണമെങ്കിൽ അവനു മരണത്തിൽ നിന്നു പിൻവാങ്ങാമായിരുന്നു. അവനെ ക്രൂശിൽ നിന്നു വിടുവിക്കുവാനായി ലെഗ്യോൻ കണക്കിനു ദൂതന്മാരെ അവന്നു വിളിക്കാമായിരുന്നു (മത്തായി 26:53 നോക്കുക), എന്നാൽ അവൻ ക്രൂശ് വിട്ടുകളയുവാൻ തയ്യാറായില്ല. അവൻ ഇടവിടാതെ പ്രാർത്ഥിച്ചു, വിയർപ്പു തുള്ളികൾ രക്തം പോലെ, ഉരുണ്ടു വീണു. ലോകത്തെ പാപത്തിൽ നിന്നു മോചിക്കുവാൻ മറ്റേതെങ്കിലും മാർഗ്ഗം ഉണ്ടായിരുന്നെങ്കിൽ, യേശുവിന്റെ ക്രൂശിൽ കഷ്ടത നീക്കികളവാൻ ആഗ്രഹിച്ചേക്കാം.

അവന്റെ ആഴമേറിയ ജ്ഞാനസമ്പത്തിനും, സർവ്വ - ജ്ഞാനി ആയ ദൈവത്തിനു മറ്റൊരു പദ്ധതിയും മതിയായിട്ടില്ല എന്നു ദൈവം മനസ്സിലാക്കി. ദൈവത്തിന്റെ നീതി പരിശുദ്ധി ദൈവത്തിന്റെ നീതി നിലവാരം എന്നിവ തൃപ്തിപ്പെടുത്തുന്ന മറൊരു പദ്ധതിയുമില്ല. സർവ്വലോകത്തിന്റേയും പാപം യേശുവിൽ വഹിപ്പാൻ കൂട്ടിവെക്കുക, യേശുവിന്റെ ആത്മാവിനെ ഈററു വോനിൽ ആക്കുക എന്നതു മാത്രമായിരുന്നു. ദൈവനീതി നിലനിർത്തി പാപികളെ നീതീകരിക്കുവാനുള്ള ഏക വഴി അങ്ങനെ മാത്രമെ പാപികളുടെ കുറ്റം മോചിച്ചു പിതാവിനു ആദരവു നിലനിർത്തുവാനും അങ്ങനെ കഴിഞ്ഞു (റോമർ 3:23-26). കാൽവരിയിൽ, സ്നേഹവും കരുണയും സത്യവും, ഒത്തൊരുമിച്ചു, നീതിയും സമാധാനവും പരസ്പരം ചുംബിക്കയും ചെയ്തു (സങ്കീർത്തനങ്ങൾ 85:10).

**ഉപസംഹാരം**

ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതി, ദൂതന്മാർ, പ്രവാചകന്മാർ, നീതി

മാന്മാരായവർക്കു എന്തുസംഭവിക്കും എന്നിവയെല്ലാം വെളിപ്പെടുത്തി തന്നതുകൊണ്ട് നാം എത്ര ഭാഗ്യവാന്മാർ! നിയമിക്കപ്പെട്ട സമയം ആകുന്നതുവരെ, പ്രായശ്ചിത്ത വ്യവസ്ഥയുടെ ദു:ഖവും ശക്തിയും ഒരു കണ്ണും കണ്ടിട്ടില്ല, ഒരു കാതും കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നീട്ടുമില്ല. വരുവാനുള്ള തേജസ്സ് ആർക്കും അറിയുവാൻ കഴിഞ്ഞില്ല. എങ്ങനെയായാലും, ഇപ്പോൾ, ഒരിക്കൽ മർമ്മം ആയിരുന്നതു വെളിപ്പെടുത്തി. യേശുവിന്റെ മരണത്താൽ വിളിച്ചു വേർതിരിച്ച, ആത്മാക്കളെ ശുദ്ധീകരിച്ചു സഭയാക്കി തീർത്തതു, ദൈവത്തിന്റെ അപ്രമേയ ധനമാണെന്നു ദൂതന്മാർക്കും മനുഷ്യർക്കും കാണുവാൻ കഴിഞ്ഞു! മതത്തിന്റെ പഴയതും പുതിയതും, ആയ ഓരോ ഭാഗവും, ക്രൂശുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവം തന്റെ പദ്ധതി പൂർത്തിയാക്കിയപ്പോൾ ഒന്നും മറന്നു പോയില്ല. ദൈവത്തിന്റെ സന്ദേശവാഹകൻ ക്രൂശിക്കപ്പെട്ട യേശുവിനെ അല്ലാതെ മറ്റൊന്നു അറിയുവാൻ ആഗ്രഹിക്കാതിരുന്നപ്പോൾ ഒന്നും ഉപേക്ഷിച്ചില്ല (1 കൊരിന്ത്യർ 2:2 നോക്കുക).

ദൈവം തന്റെ പദ്ധതി സ്നേഹത്താൽ ആവിഷ്കരിച്ചതു, സന്തോഷപ്രദവും ഹൃദയ – സ്പർശിയുമാണ് അതിലെ ജ്ഞാനവും, അതു ഫലപ്രദമാക്കിയതും ശ്രദ്ധേയമത്രെ. അവന്റെ കൃപയാണ് പാപങ്ങളെ ദൈവികമായി മറച്ചത് പ്രായശ്ചിത്ത വ്യവസ്ഥയുടെ മഹത്വത്തെ വിഡ്ഢിത്തമെന്നു കരുതി സ്വന്ത പാപത്തെ അവഗണിക്കുന്ന മനസ്സുള്ളവർ എത്ര ദു:ഖിപ്പിക്കുന്നതും, സഹതാപം, അർഹിക്കുന്നവരുമാണ്.

---

കുറിപ്പുകൾ

[1]“എടോൺ” എന്നതു മറ്റു ഇംഗ്ലീഷ് വാക്കായ “അറ്റോൺഠ,” “അറ്റൂൺ,” “അറ്റൺ” അർത്ഥം “അറ്റ്‌വൺ, എഗ്രീഡ്” എന്നാണ്. [2]*കാറ്റലേജ്.* [3]*ക്രിപ്പുരിം.* [4]*‘ഹടാ’ ആന്റ് ഹമാർട്ടാനാ.* [5]രണ്ടു സ്വഭാവങ്ങളോടു കൂടിയാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത്: (1) അവന്റെ മനസിന്റെ പ്രമാണം അനുസരിക്കുന്ന, ആന്തരിക മനുഷ്യൻ (റോമർ 7:23, 24), അതു ധാർമ്മികമായി ശരിയായ കാര്യങ്ങൾ തീരുമാനിക്കയും ദൈവത്തിന്റെ ന്യായപ്രമാണത്തിൽ സന്തോഷിക്കുകയും ചെയ്യും (ലൂക്കൊസ് 12:57; റോമർ 2:14; 1 കൊരിന്ത്യർ 11:14). (2) അവനു ജഡികമായ പുറമെയുള്ള മനുഷ്യൻ ഉണ്ട് (റോമർ 7:25), അതിനു മൃഗങ്ങളെ പോലെ പ്രവർത്തിക്കാനല്ലാതെ മതപരമായൊന്നും പ്രവർത്തിക്കാൻ സാധ്യമല്ല. ജഡം ദൈവത്തിന്റെ പ്രമാണത്തിനു കീഴ്പ്പെടുന്നില്ല (റോമർ 8:7) ജഡത്തിന്നു വിവേചിപ്പാനും, സാധ്യമല്ല. ധാർമ്മികമായ ഒരു നന്മയും ജഡത്തിലില്ല (റോമർ 7:8), അല്ലെങ്കിൽ ദാർമ്മികമായ തിന്മയും അതിലില്ല. സ്വഭാവത്താൽ, ജഡത്തെ അങ്ങനെ വിട്ടിരിക്കുന്നു, ജഡം അതിന്റെ മോഹങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നു (എഫെസ്യർ 2:3). മനുഷ്യന്റെ ജഡഭാഗം അതിൽ തന്നെ പാപമില്ല അതു അധാർമ്മികമല്ല, എന്നാൽ സദാചാരതല്പരനുമല്ല. ധാർമ്മികത എന്താണെന്നു അറിയുന്നില്ല. അധാർമ്മികതയിലേക്കു ചലിക്കുവാൻ നയിക്കപ്പെട്ടിരിക്കുന്നു, എന്നാൽ അതിനെ ഉണ്ടാക്കിയപ്പോൾ പാപത്തോടുകൂടെയല്ല നിർമ്മിച്ചത്. ദൈവം സൃഷ്ടിച്ചപ്പോൾ എല്ലാം വളരെ നന്നായിരുന്നു. പാപമുള്ള ലോകത്തിലേക്കു നമ്മുടെ മാതാപിതാക്കൾ നമ്മെ കൊണ്ടു വന്നു (സങ്കീർത്തനങ്ങൾ 51:5). നമ്മുടെ മാതാപിതാക്കൾ നമ്മെ മലയാളം പഠിക്കുന്ന ദേശത്തേക്കു കൊണ്ടു വന്നു, എന്നാൽ നാം ഭാഷ പഠിക്കേണ്ടതായി വന്നു, അതുപോലെ ഒരാൾ പാപത്തെ പഠിക്കുകയാണ് (പ്രവൃ

ത്തികൾ 2:8 നോക്കുക). സങ്കീർത്തനങ്ങൾ 58:3 പോലെ, വ്യക്തമായ പദ്യഭാഷയാണ് സങ്കീർത്തനങ്ങൾ 51:5. ആക്ഷരികമായി, നാം ജനിക്കുമ്പോൾ തന്നെ സംസാരിക്കുന്നില്ല, അതുപോലെ അപ്പോൾ തന്നെ അകന്നുപോകുന്നുമില്ല അതിനർത്ഥം നാം തെറ്റിപ്പോയ തായി ജനിക്കുന്നില്ല. പിന്നെ, ആദാമിന്റെ പാപം അല്ല, നമ്മുടെ പാപമാണ് നമ്മെ ദൈവത്തിൽ നിന്നകറ്റുന്നത് (യെശയ്യാവ് 59:1, 2). നമ്മുടെ പിതാക്കന്മാർ പച്ച മുന്തിരി തിന്നാൽ നമ്മുടെ പല്ലു പുളിക്കുകയില്ല (യെഹെസ്ക്കേൽ 18:2, 3). നമ്മുടെ പിതാക്ക ന്മാരെ തെറ്റിലേക്കു നയിച്ചതിന്റെ ഫലമായി നാം വസിക്കുന്നു (പുറപ്പാട് 20:5), എന്നാൽ അവരുടെ അയ്യത്വം നാം വഹിക്കേണ്ടതില്ല (ആവർത്തനപുസ്തകം 24:16). നമ്മെ സൃഷ്ടിച്ച നാൾ മുതൽ നമ്മിൽ പാപം കാണുന്നതുവരെ മുഴുവനായും ശുദ്ധിയുള്ളവർ തന്നേ (യെഹെസ്ക്കേൽ 28:15). കർത്താവ് തന്റെ ആത്മാവിനെ നമ്മിൽ ഓരോരുത്ത രിലും തരികയും, നമ്മെ പാപികളായി തുടരുവാനല്ല സഹായിക്കുന്നത് (സെഖര്യാവു 12:1). യേശുവിനെയനുസരിച്ചു, സ്വർഗ്ഗത്തിനു യോജിച്ച വിധം ജീവിക്കുവാൻ അവൻ നമ്മെ സഹായിക്കുന്നു (മത്തായി 19:14). റോമർ 5:12 വിവരിക്കുന്നത് മനസ്സു ഉപയോഗി ക്കാത്തവരെയോ അല്ലെങ്കിൽ ഇടങ്കയ്യും വലങ്കയ്യും തിരിച്ചറിയാത്തവരെയോ കുറിച്ചു അല്ല; മറിച്ചു, പാപം ചെയ്തവരെ കുറിച്ചാണ് പറയുന്നത്. [6]1 കൊരിന്ത്യർ 15:29 പുതിയ നിയമത്തിലെ എല്ലാ ഉപദേശങ്ങളും കണക്കിലെടുത്താൽ, അതിന്റെ സന്ദർഭത്തിൽ നിന്നും, വ്യാഖ്യാനിച്ചിരിക്കുന്നത് “മരിച്ചവരുടെ ധപുനരുത്ഥാനത്തിനുപ വേണ്ടി” എന്നതു ശ്രദ്ധിക്കുക.

© 2009 Truth for Today